**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1543** **01-02-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് പതിച്ച് നൽകിയ ഭൂമിയിലെ കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിൽ ആദിവാസികൾക്ക് പതിച്ച് നൽകിയ ഭൂമിയിൽ വ്യാപകമായി കയ്യേറ്റം നടക്കുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ; | (എ) | അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അഗളി, കോട്ടത്തറ, ഷോളയാർ വില്ലേജുകളിൽ 1999ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്റ്റിന് വിരുദ്ധമായി മെഷേഴ്സ് സാർജന്റ് കമ്പനി ഭൂമി ആർജ്ജിച്ചതിനെതിരെ 2010ൽ ഒറ്റപ്പാലം സബ്കളക്ടർ നടപടി ആരംഭിച്ചിരുന്നു. ഇതല്ലാതെയും അനധികൃതഭൂമി കൈമാറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കോടതി ഇടപെടൽ മൂലം നടപടികൾക്ക് തടസം നേരിട്ടിരുന്നു. പിന്നീട് ഭൂമി കണ്ടെത്താനായി സർവ്വേ നടപടികൾ ആരംഭിച്ചു എങ്കിലും ഭാഗീകമായി മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളു. മേൽപറഞ്ഞ 3വില്ലേജുകളിലേയും ഭൂമി സർവ്വേ ചെയ്ത് കൈവശം തിട്ടപ്പെടുത്തിയാൽ മാത്രമേ നിജസ്ഥിതി കണ്ടെത്താൻ കഴിയൂ.<br><br>അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമിയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച വിഷയം 24/01/2024ന് റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ നൂറാമത് റവന്യൂ സെക്രട്ടറിയേറ്റ് യോഗത്തിൽ ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാനും റവന്യൂ സർവ്വേ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ, പാലക്കാട് ജില്ലാ കളക്ടർ എന്നിവർ അടിയന്തരമായി യോഗം ചേർന്ന് പ്രാഥമിക നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും കോട്ടത്തറ, അഗളി, ഷോളയൂർ വില്ലേജുകളിൽ ഡിജിറ്റൽ റീ സർവ്വേ ഉടൻ ആരംഭിക്കുന്നതിന് നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുവാനും റവന്യൂ സെക്രട്ടറിയേറ്റിൽ തീരുമാനിച്ചിട്ടുണ്ട്.<br><br>കയ്യേറ്റം സ്ഥിരീകരിച്ചതിനുശേഷം മാത്രമേ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോ എന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ. ആക്ഷേപത്തിൽ നിജസ്ഥിതി പരിശോധിക്കുന്നതിലേക്കായി കോട്ടത്തറയിലെ 1819, 1275 എന്നീ റീസർവ്വേ നമ്പരുകളിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച ആധാരങ്ങളുടെ പകർപ്പ് ലഭ്യമാക്കുവാൻ അഗളി SROയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആദിവാസി ഭൂമി-മിച്ചഭൂമി കയ്യേറ്റം നടന്നിട്ടുണ്ടെന്ന് കാണുന്ന പക്ഷം പ്രസ്തുത ഭൂമി തിരിച്ച് പിടിച്ച് 1999ലെ കെ.എസ്.റ്റി ആക്ട് പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ഭൂമി തിരിച്ചെടുത്ത് നൽകാനുള്ള നടപടി സ്വീകരിക്കും. നിയമവിരുദ്ധമായി ആദിവാസി ഭൂമി കയ്യേറിയിട്ടുണ്ടോ എന്നറിയുന്നതിന് ആദ്യപടിയായി ഭൂമി സർവ്വേ ചെയ്യേണ്ടതുണ്ട് എന്നതിനാലാണ് ഈ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ ആരംഭിക്കുന്നത്. വിശദമായ പരിശോധനയ്ക്കു ശേഷം കർശന നടപടി സ്വീകരിക്കും |
| (ബി) | അട്ടപ്പാടിയിലെ രജിസ്ട്രാർ ഓഫീസ്, റവന്യൂ ഓഫീസുകൾ, ലാന്റ് ട്രൈബ്യൂണൽ, ആധാരം എഴുത്ത് ഓഫീസുകൾ എന്നിവ കേന്ദ്രീകരിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അഗളി, കോട്ടത്തറ, ഷോളയാർ വില്ലേജുകളിൽ 1999ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ടിന് വിരുദ്ധമായി മെഷേഴ്സ് സാർജന്റ് കമ്പനി ഭൂമി ആർജ്ജിച്ചതിനെതിരെ 2010ൽ ഒറ്റപ്പാലം സബ്കളക്ടർ നടപടി ആരംഭിച്ചിരുന്നു. ഇതല്ലാതെയും അനധികൃതഭൂമി കൈമാറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കോടതി ഇടപെടൽ മൂലം നടപടികൾക്ക് തടസം നേരിട്ടിരുന്നു. പിന്നീട് ഭൂമി കണ്ടെത്താനായി സർവ്വേ നടപടികൾ ആരംഭിച്ചു എങ്കിലും ഭാഗികമായി മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മേൽപറഞ്ഞ 3വില്ലേജുകളിലേയും ഭൂമി സർവ്വേ ചെയ്ത് കൈവശം തിട്ടപ്പെടുത്തിയാൽ മാത്രമേ നിജസ്ഥിതി കണ്ടെത്താൻ കഴിയൂ.<br><br>അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമിയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച വിഷയം 24/01/2024ന് റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ നൂറാമത് റവന്യൂ സെക്രട്ടറിയേറ്റ് യോഗത്തിൽ ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാനും റവന്യൂ സർവ്വേ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ, |

| | | | |
|---|---|---|---|
| | | | പാലക്കാട് ജില്ലാ കളക്ടർ എന്നിവർ അടിയന്തരമായി യോഗം ചേർന്ന് പ്രാഥമിക നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും കോട്ടത്തറ, അഗളി, ഷോളയൂർ വില്ലേജുകളിൽ ഡിജിറ്റൽ റീ സർവ്വേ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കവാനും റവന്യൂ സെക്രട്ടറിയേറ്റിൽ തീരുമാനിച്ചിട്ടുണ്ട്.<br><br>കയ്യേറ്റം സ്ഥിരീകരിച്ചതിനുശേഷം മാത്രമേ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോ എന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളു. ആക്ഷേപത്തിൽ നിജസ്ഥിതി പരിശോധിക്കുന്നതിലേക്കായി കോട്ടത്തറയിലെ 1819, 1275 എന്നീ റീസർവ്വേ നമ്പരുകളിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച ആധാരങ്ങളുടെ പകർപ്പ് ലഭ്യമാക്കുവാൻ അഗളി SROയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആദിവാസി ഭൂമി-മിച്ചഭൂമി കയ്യേറ്റം നടന്നിട്ടുണ്ടെന്ന് കാണുന്ന പക്ഷം പ്രസ്തുത ഭൂമി തിരിച്ച് പിടിച്ച് 1999ലെ കെ.എസ്.റ്റി ആക്ട് പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ഭൂമി തിരിച്ചെടുത്ത് നൽകാനുള്ള നടപടി സ്വീകരിക്കും. നിയമവിരുദ്ധമായി ആദിവാസി ഭൂമി കയ്യേറിയിട്ടുണ്ടോ എന്നറിയുന്നതിന് ആദ്യപടിയായി ഭൂമി സർവ്വേ ചെയ്യേണ്ടതുണ്ട് എന്നതിനാലാണ് ഈ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ ആരംഭിക്കുന്നത്. വിശദമായ പരിശോധനയ്ക്കു ശേഷം കർശന നടപടി സ്വീകരിക്കും |
| (സി) | ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കാനും ആദിവാസികളുടെ ഭൂമി തിരിച്ച് പിടിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അഗളി, കോട്ടത്തറ, ഷോളയാർ വില്ലേജുകളിൽ 1999ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ടിന് വിരുദ്ധമായി മെഷേഴ്സ് സാർജന്റ് കമ്പനി ഭൂമി ആർജ്ജിച്ചതിനെതിരെ 2010ൽ ഒറ്റപ്പാലം സബ്കളക്ടർ നടപടി ആരംഭിച്ചിരുന്നു. ഇതല്ലാതെയും അനധികൃതഭൂമി കൈമാറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കോടതി ഇടപെടൽ മൂലം നടപടികൾക്ക് തടസം നേരിട്ടിരുന്നു. പിന്നീട് ഭൂമി കണ്ടെത്താനായി സർവ്വേ നടപടികൾ ആരംഭിച്ചു എങ്കിലും ഭാഗീകമായി മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളു. മേൽപറഞ്ഞ 3വില്ലേജുകളിലേയും ഭൂമി സർവ്വേ ചെയ്ത് കൈവശം തിട്ടപ്പെടുത്തിയാൽ മാത്രമേ നിജസ്ഥിതി കണ്ടെത്താൻ കഴിയൂ.<br><br>അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമിയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച വിഷയം 24/01/2024ന് റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ നൂറാമത് റവന്യൂ സെക്രട്ടറിയേറ്റ് യോഗത്തിൽ |

| | | | |
|---|---|---|---|
| | | | ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാനും റവന്യൂ സർവ്വേ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ, പാലക്കാട് ജില്ലാ കളക്ടർ എന്നിവർ അടിയന്തരമായി യോഗം ചേർന്ന് പ്രാഥമിക നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും കോട്ടത്തറ, അഗളി, ഷോളയൂർ വില്ലേജുകളിൽ ഡിജിറ്റൽ റീ സർവ്വേ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കവാനും റവന്യൂ സെക്രട്ടറിയേറ്റിൽ തീരുമാനിച്ചിട്ടുണ്ട്.<br><br>കയ്യേറ്റം സ്ഥിരീകരിച്ചതിനുശേഷം മാത്രമേ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോ എന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളു. ആക്ഷേപത്തിൽ നിജസ്ഥിതി പരിശോധിക്കുന്നതിലേക്കായി കോട്ടത്തറയിലെ 1819, 1275 എന്നീ റീസർവ്വേ നമ്പരുകളിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച ആധാരങ്ങളുടെ പകർപ്പ് ലഭ്യമാക്കുവാൻ അഗളി SROയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആദിവാസി ഭൂമി-മിച്ചഭൂമി കയ്യേറ്റം നടന്നിട്ടുണ്ടെന്ന് കാണുന്ന പക്ഷം പ്രസ്തുത ഭൂമി തിരിച്ച് പിടിച്ച് 1999ലെ കെ.എസ്.റ്റി ആക്ട് പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ഭൂമി തിരിച്ചെടുത്ത് നൽകാനുള്ള നടപടി സ്വീകരിക്കും. നിയമവിരുദ്ധമായി ആദിവാസി ഭൂമി കയ്യേറിയിട്ടുണ്ടോ എന്നറിയുന്നതിന് ആദ്യപടിയായി ഭൂമി സർവ്വേ ചെയ്യേണ്ടതുണ്ട് എന്നതിനാലാണ് ഈ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ ആരംഭിക്കുന്നത്. വിശദമായ പരിശോധനയ്ക്കു ശേഷം കർശന നടപടി സ്വീകരിക്കും |

സെക്ഷൻ ഓഫീസർ